(ബി) രക്ഷാപ്രവർത്തനങ്ങൾക്കായി എത്ര ടഗ്ഗുകൾ ഉണ്ട്;

(സി) ടഗ്ഗുകൾ പ്രവർത്തനക്ഷമമാണോ; പ്രവർത്തനക്ഷമമല്ലാത്ത എത്ര ടഗ്ഗുകളാണുള്ളത്; ഇവ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കാലവർഷക്കാലത്ത് രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിന് യന്ത്രവത്കൃത ബോട്ടുകൾ വാടകയ്ക്ക് എടുത്ത് പ്രവർത്തിപ്പിച്ചുവരുന്നു. രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു നടപ്പാക്കുന്നതിനും അവയുടെ നിരീക്ഷണ നിയന്ത്രണങ്ങൾക്കുമായി ഫിഷറീസ് വയർലെസ് കമ്മ്യൂണിക്കേഷൻ സിസ്റ്റം പ്രവർത്തനക്ഷമമാണ്. എല്ലാ കടലോര ജില്ലകളിലും ഫിഷറീസ് കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. അത്യാവശ്യ സന്ദർഭങ്ങളിൽ കോസ്റ്റ് ഗാർഡ്, നേവി എന്നിവയുടെ സഹായം ലഭ്യമാക്കുന്നുണ്ട്. കടൽ രക്ഷാപ്രവർത്തനങ്ങൾക്ക് പരിശീലനം ലഭിച്ച മത്സ്യത്തൊഴിലാളികളുടെ സേവനം എല്ലാ ഫിഷറീസ് സ്റ്റേഷനുകളിലും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഫിഷറീസ് വകുപ്പിന് ടഗ്ഗുകൾ ഇല്ല.

(സി) ബാധകമല്ല.

മത്സ്യഫെഡിലെ അഴിമതി അന്വേഷണ റിപ്പോർട്ടുകൾ

117 [3264] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിലെ അഴിമതികളെപ്പറ്റി അന്വേഷിച്ച റിപ്പോർട്ടുകൾ എത്ര പ്രാവശ്യമായി ഏതെല്ലാം തീയതികളിലാണ് സർക്കാരിന് സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടുകൾ ലഭിച്ചതിനുശേഷം സർക്കാർ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇതുവരെയായി സർക്കാരിന് ഇതു സംബന്ധിച്ച് സമർപ്പിച്ച റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) മത്സ്യഫെഡിലെ ക്രമക്കേടുകളെ സംബന്ധിച്ച് ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ, 1969-ലെ സഹകരണനിയമം 66-ാം വകുപ്പു പ്രകാരം നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് ഒറ്റപ്രാവശ്യമായി 7-5-2003-നാണ് സർക്കാരിന് സമർപ്പിച്ചത്.

(ബി) റിപ്പോർട്ടുകൾ സർക്കാർ വിശദമായി പരിശോധിച്ച് വരികയാണ്.

(സി) താമസിയാതെ ലഭ്യമാക്കുന്നതാണ്.

സ്ത്രീതൊഴിലാളികൾക്കുവേണ്ടിയുള്ള വനിതാ ബാങ്കുകൾ

118 [3265] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി സ്ത്രീകൾക്കുവേണ്ടി എത്ര ബാങ്കുകൾ പ്രവർത്തിക്കുന്നു; എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ബാങ്കുകൾ വഴി എത്ര പേർക്ക് എത്ര രൂപ വായ്പ നൽകിയിട്ടുണ്ട്?

ഉത്തരം

(എ) 10 വനിതാ ബാങ്കുകൾ പ്രവർത്തിക്കുന്നു. അവ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നു.

(ബി) ഇതു സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

ശുദ്ധജല അക്വേറിയത്തിന്റെ നിർമ്മാണം

119 [3266] ശ്രീ. റോഷി അഗസ്റ്റിൻ:
„ തോമസ് ചാഴികാടൻ:
„ കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏറ്റവും വലിയ ശുദ്ധജല അക്വേറിയം സ്ഥാപിക്കാൻ ഉദ്ദേശിച്ചു കൊണ്ട് നെയ്യാർ ഡാമിൽ മന്ദിരം പണികഴിപ്പിച്ചിട്ടുണ്ടോ;

(ബി) അക്വേറിയത്തിനായുള്ള സജ്ജീകരണങ്ങൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത മന്ദിരത്തിന്റെ നിർമ്മാണത്തിന് എത്ര രൂപ ചെലവായി എന്ന് അറിയിക്കാമോ;

(ഡി) അക്വേറിയം നിർമ്മാണത്തിന് നിലവിൽ തടസ്സങ്ങൾ ഉണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിന്റെ കാരണം എന്താണെന്ന് അറിയിക്കാമോ;

(എഫ്) വർണ്ണ മത്സ്യങ്ങളാൽ അലംകൃതമായ അക്വേറിയം എന്ന് യാഥാർത്ഥ്യമാകുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്. എന്നാൽ പണി മുഴുവനായി പൂർത്തിയാക്കിയിട്ടില്ല.

(ബി) കെട്ടിടം പണി പൂർത്തിയാകാത്തതിനാൽ മറ്റ് സജ്ജീകരണങ്ങളൊന്നും നടത്തിയിട്ടില്ല.

(സി) ഇതുവരെ 99,33,790 രൂപ (തൊണ്ണൂറ്റൊമ്പതു ലക്ഷത്തി മുപ്പത്തിമൂവായിരത്തി എഴുനൂറ്റി തൊണ്ണൂറു രൂപ മാത്രം) ചെലവായി.

(ഡി) ഉണ്ട്.

(ഇ) അക്വേറിയത്തിനുള്ള കെട്ടിട നിർമ്മാണത്തിൽ പ്രഥമദൃഷ്ട്യാ ധനദുർവിനിയോഗം കണ്ടതിനാൽ വിജിലൻസ് അന്വേഷണം നടന്നുവരികയാണ്.

(എഫ്) വിജിലൻസ് അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് അനന്തര നടപടി സ്വീകരിക്കുന്നതാണ്.

† അനുബന്ധം VII.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII

[16-7-2003 -ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 118 (3265) ദയവായി കാണുക]

ക്രമ നമ്പർ	ബാങ്ക്/ജില്ല പേര്	ഗുണഭോക്താക്കളുടെ എണ്ണം	നാളിതുവരെ വിതരണം ചെയ്ത വായ്പാ തുക (രൂപ)
1	തിരുവനന്തപുരം	714	47,13,493
2	കൊല്ലം	4657	79,17,346
3	ആലപ്പുഴ	115	4,62,500
4	കോട്ടയം	105	1,53,000
5	പത്തനംതിട്ട	82	82,000
6	എറണാകുളം	102	60,000
7	തൃശ്ശൂർ	103	1,72,000
8	കോഴിക്കോട്	485	5,20,000
9	കണ്ണൂർ	258	1,29,000
10	കാസർഗോഡ്	70	70,000
	ആകെ	6691	1,42,79,339

LIBRARY ARCHIVES Kerala Legislative Assembly